# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2703 10.12.2014-ൽ മറുപടിയ്ക്ക്

**<u>നേമം-പുന്നക്കാമുഗൾ കൊടൂർകോണം കുളം നവീകരണം</u>**

**ചോദ്യം**

**ശ്രീ.വി.ശിവൻകുട്ടി :**

(എ) നേമം നിയോജക മണ്ഡലത്തിൽ പുന്നക്കാമുഗൾ വാർഡിലെ കൊടൂർകോണം കുളത്തിന്റെ ശുചീകരണ - നവീകരണ പ്രവർത്തനങ്ങൾ ചെറുകിട ജലസേചന വകുപ്പ് 2012-ൽ ആരംഭിച്ചുവെങ്കിലും നാളിതുവരെ പൂർത്തിയാക്കാത്തത് എന്തുകൊണ്ടാണെന്നും ആയത് എന്നത്തേക്കു പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;

**മറുപടി**

**ശ്രീ.പി.ജെ.ജോസഫ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

(എ) പ്രസ്തുത കുളത്തിന്റെ വശങ്ങളിൽ, കോർപ്പറേഷന്റെ സഹായത്താൽ നിർമ്മിച്ചു നൽകിയ വീടുകളിലെ സെപ്റ്റിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യങ്ങൾ കുളത്തിലേക്ക് നേരിട്ട് തുറന്നു വെച്ചതായി കാണപ്പെട്ടിട്ടുണ്ട്. പ്രസ്തുത അവസ്ഥയിൽ മാറ്റം വന്നാൽ മാത്രമേ കുളത്തിന്റെ നവീകരണം നടത്തുന്നതു കൊണ്ട് പ്രയോജനമുള്ളു. ആയതിനാൽ സെപ്റ്റിക് ടാങ്കുകൾക്ക് പകരം K.W.A-യുടെ സ്വീവേജ് ലൈൻ സ്ഥാപിച്ച് ടോയ്‌ലെറ്റുകൾ അതിൽ ഘടിപ്പിക്കുന്നതിനുള്ള പദ്ധതി കേരളാ വാട്ടർ അതോറിറ്റി ഏറ്റെടുക്കുകയും പൂർത്തീകരിക്കുകയും ചെയ്തു. നിലവിലുള്ള ടോയ്‌ലെറ്റുകൾ മെയിൻ ലൈനിനേക്കാൾ താഴ്ന്ന നിലയിൽ സ്ഥിതിചെയ്യുന്നതിനാൽ ഇപ്പോഴത്തെ നിലക്ക് ഇതിന്റെ കണക്ഷൻ നൽകാൻ സാധ്യമല്ലാത്ത സ്ഥിതിയാണ്. അതിനാൽ ടോയ്‌ലെറ്റുകൾ ഉയർത്തി പണിത് അതിന്റെ ഔട്ട്‌ലെറ്റ് മെയിൻ ലൈനിൽ ഘടിപ്പിച്ചാൽ മാത്രമേ ഇത് ഉപയുക്തമാകുകയുള്ളൂ. ഈ ടോയ്‌ലെറ്റുകൾ സ്വയം പുതുക്കിപ്പണിയാൻ സാധ്യമല്ല എന്ന് വീട്ടുകാർ അറിയിച്ചതിനാൽ പ്രസ്തുത സ്ഥിതി തുടരുകയാണ്. ഈ അവസ്ഥയിൽ തുടർ നവീകരണം പ്രയോജനരഹിതമാണെന്ന് കണ്ടതിനാലും കരാർ കാലാവധി കഴിഞ്ഞു എന്ന് കരാറുകാരൻ

അറിയിച്ചതിനാലും കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പണി മുന്നോട്ടു പോകാൻ സാധിക്കാത്തതിനാലും പ്രസ്തുത പണി ഫോർക്ലോസ് ചെയ്ത് കരാറുകാരനെ വിടുതൽ ചെയ്തിട്ടുണ്ട്. മുൻ പ്രസ്താവിച്ച വിധത്തിൽ ടോയ്ലെറ്റുകളുടെ കണക്ഷൻ മാറ്റി നൽകിയതിനു ശേഷം വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കി പണി arrange ചെയ്താൽ മാത്രമേ കുളം നവീകരണം സാധ്യമാകുകയുള്ളൂ.

(ബി) പ്രസ്തുത കുളത്തിന്റെ നവീകരണ-ശുചീകരണ പ്രവത്തനങ്ങൾക്കായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്നും അതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

(ബി) പ്രസ്തുത കുളത്തിന്റെ നവീകരണ-ശുചീകരണ പ്രവത്തനങ്ങൾക്കായി 12,00,000/- രൂപയാണ് നീക്കി വെച്ചിരുന്നത്. അതിൽ നാളിതുവരെ 1,26,030/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**